(ബി) തൊഴിലില്ലാത്തവരായി ഓരോ വിഭാഗത്തിലും എത്രപേർ ഉണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു വെളിപ്പെടുത്തുമോ ;

(ഡി) വിവരം ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ) :

(എ) വ്യവസായവൽക്കരണ പദ്ധതികൊണ്ടു മാത്രമാണു ഈ പ്രശ്നത്തിനു ഒരു പരിഹാരം കാണാവുന്നത്. പുതിയ വ്യവസായങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഗവൺമെൻറ് ആകുംവിധം ശ്രമിക്കുന്നുണ്ട്.

(ബി) & (സി) പ്രത്യേകമായി വിവരങ്ങൾ ശേഖരിച്ചിട്ടില്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ തരം തിരിച്ചുള്ള കണക്കുകൾ താഴെ പറയും പ്രകാരമാണ്.

മെട്രിക്കുലേറേഷൻ	98488
ഇൻറർമീഡിയറേറ്റ്	3895
ഗ്രാജ്വേറേറ്റ്—ടെക്നിക്കൽ	1550
നോൺ ടി	6710
പോസ്റ്റ്ഗ്രാഡുവേറേറ്റ് ടെക്നിക്കൽ	60
നോൺ ടി	1108
ഐ. ടി. ഐ സർട്ടിഫിക്കേറ്റ് ഹോൾഡേർസ്	6008
ഡിപ്ലോമാ ഹോൾഡേർസ്	1993

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഉദ്യോഗസ്ഥൻമാരെപ്പറ്റി അന്വേഷണം

* 907. [1295] ശ്രീ. കെ. പി. രാഘവപൊതുവാൾ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥൻമാരെപ്പറ്റി ഉണ്ടാകുന്ന ആക്ഷേപങ്ങൾ അന്വേഷിക്കുവാൻ ഒരു പ്രത്യേക വിഭാഗം സംഘടിപ്പിക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

നിലവിലുള്ള ഏർപ്പാടുകൾ പര്യാപ്തമാണെന്നു കരുതുന്നതിനാൽ ഒരു പ്രത്യേക വിഭാഗംകൂടി സംഘടിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ഉപതിരഞ്ഞെടുപ്പുകൾ

* 908. [1297] ശ്രീ. കെ. ടി. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാന നിയമസഭയിലേയ്ക്ക് ഒഴിവു വന്നിട്ടുള്ള സീറ്റുകളിലെ ഉപതിരഞ്ഞെടുപ്പുകൾ എന്നത്തേയ്ക്ക് നടത്തുവാൻ കഴിയുമെന്ന് പ്രസ്താവിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly